# മാനവികതയുടെ ഉറവക്കണ്ണുകൾ

## ഡോ. സ്കറിയ സക്കറിയ

വെർജീനിയ വൂൾഫ് മികച്ച ഒരു ഫോട്ടോഗ്രാഫർകൂടിയായിരുന്നു. ഫോട്ടോഗ്രഫിയെക്കുറിച്ച് ഒരിടത്ത് അവർ പറഞ്ഞു—"Isn't it how much more one sees in photograph than in real life..." ജീവിതത്തിൽ കാണുന്നതിനെക്കാൾ എന്തു കേമമാണ് ഫോട്ടോയിൽ കാണുന്നത്.

വെർജീനിയ വൂൾഫിന്റെ ഈ പരാമർശം എനിക്ക് ബിജു സി.പി.യുടെ ചെറുകഥകളിലേക്ക് പ്രവേശിക്കാനുള്ള ഒരു വഴി തുറന്നുതരുന്നുണ്ട്. മനുഷ്യാവസ്ഥയുടെയും മനുഷ്യസ്വഭാവത്തിന്റെയും സ്നാപ്ഷോട്ടുകളാണ് ഓരോ ചെറുകഥയും. എല്ലാം യഥാർത്ഥത്തിലുള്ളതിനെക്കാൾ തേജോമയമായി കാണാനുള്ള വിരളമായ ഒരവസരം.

സാഹിത്യവും പുസ്തകപ്രസാധനവുമൊക്കെ പല വേലിയേറ്റങ്ങളിലൂടെയും വേലിയിറക്കങ്ങളിലൂടെയും കടന്നുപോയിട്ടും ചെറുകഥയിലുള്ള താൽപര്യം ഒരുനൂറ്റാണ്ടിലേറെയായി ശക്തമായി നിൽക്കുന്നു. ആന്റൺ ചെക്കോവ് ഉണ്ടാക്കിയ ആഖ്യാനവിപ്ലവമാണ് ലോകമെങ്ങും ഈ ചെറുകഥാഭിമുഖ്യം ശക്തമാക്കിയത്. ചെക്കോവിനെ മറികടന്ന് ഏറെ മുന്നേറാൻ ചെറുകഥയ്ക്ക് കഴിഞ്ഞു.

കഥയെക്കുറിച്ചുള്ള ഈ വലിയ ചിന്തകളുടെ പശ്ചാത്തലത്തിലാണ് എന്റെ സ്നേഹിതനായ ബിജു സി.പി.യുടെ കഥകൾ വായനയ്ക്കെടുക്കുന്നത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ എന്റെ ആദ്യകാല വിദ്യാർത്ഥികളിലൊരാളായ ബിജു പിന്നീട് എപ്പോഴും എന്റെ ജീവിതവുമായി പല മട്ടിൽ അടുത്തുനിൽക്കുന്നയാളാണ്. വ്യക്തിപരമായ ആബന്ധങ്ങൾ മാറ്റിനിർത്തി ബിജുവിന്റെ കഥകളെ തികച്ചും വ

സ്തുനിഷ്ഠമായും നിഷ്പക്ഷമായും വിലയിരുത്തിക്കളയാം എന്ന അഹംഭാവം എനിക്കില്ല. എപ്പോഴും പുതിയതായിരിക്കാൻ ശ്രമിക്കുന്ന ഒരാളുടെ രചനകൾ എന്ന ബോദ്ധ്യത്തോടെയാണ് ഈ കഥകളെ ഞാൻ സമീപിക്കുന്നത്. ബിജുവിനെപ്പോലെയുള്ള യുവകഥാകൃത്തുക്കളെ വിസ്മയത്തോടെ നോക്കിക്കാണുന്ന ഒരു വായനക്കാരനാണ് ഞാൻ.

പുറമേ പുതുമയെ ആശ്ലേഷിക്കുമ്പോഴും ഉള്ളിൽ പഴമയെ പൂജിക്കുന്നവരാണ് നമ്മുടെ ചില കഥാകൃത്തുക്കൾ. പാരമ്പര്യബോധമെന്നും മറ്റും ആ മനോഭാവത്തെ കാല്പനികവൽക്കരിക്കാറുമുണ്ട്. പലപ്പോഴും ഈ പാരമ്പര്യഭക്തി, ഭാഷയുടെയും സാഹിത്യത്തിന്റെയും പരിണാമഗതി കണ്ടറിയാത്തതുകൊണ്ടാണ്. ബിജുവിന്റെ കഥകളിൽ പലേടത്തും പഴമ അല്ലെങ്കിൽ പാരമ്പര്യം മറ്റൊരു വിധത്തിൽ കടന്നുവരുന്നുണ്ട്. പാരമ്പര്യം കൂച്ചുവിലങ്ങോ ഭാരമോ അല്ല അവിടെ. ബിജുവിന്റെ കഥകളുടെ മൗലികഭാവങ്ങളിലൊന്നാണ് പാരമ്പര്യത്തോട് പുലർത്തുന്ന വിസ്മയകരമായ ഈ സമീപനം. ഇന്നിൽ ഇന്നലയെയും നാളെയെയും കാണുക എന്നതാണ് കഥനശൈലി. ആഖ്യാനശൈലി പാരമ്പര്യത്തിന്റെ സൃഷ്ടിയാണ്. ഒപ്പം അത് പുതിയ പാരമ്പര്യത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ഒരാശയം ബിജുവിന്റെ കഥകളിൽ പലമട്ടിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഒന്നുരണ്ടു കഥകൾ മുൻനിർത്തി ഇത് അല്പമൊന്നു പരിശോധിക്കാം.

ബഹുതല ഘടനയുള്ളവയാണ് ബിജുവിന്റെ കഥകൾ. ഇന്നലെ, ഇന്ന്, നാളെ എന്നീ മൂന്നു തട്ടുകൾ ജീവിതപ്രവാഹത്തിൽ കഥാകൃത്ത് വേർതിരിച്ചു കാണുന്നു. അവയുടെ ഒഴുക്കിൽ കലർന്നു നിറയുന്നുണ്ട് പാരമ്പര്യം. പാരമ്പര്യം സമം പഴമ എന്ന മട്ടിൽ പരമ്പരാഗതജ്ഞാനത്തെ കാണുന്ന സാമ്പ്രദായികചരിത്രബോധത്തെ ചീകിയൊതുക്കുന്നുണ്ട് ഈ കഥകളിൽ. സ്പിൽവേയിൽനിന്ന് നീരൊഴുക്ക് ചിതറിവരുന്നതുപോലെ പുരാണവൃത്താന്തങ്ങൾ കഥകളിൽ ചിതറിത്തെറിക്കുന്നു. ഭാവനാബലം അവിടെ മഴവില്ല് തെളിയിക്കുന്നു.

മാതൃകയ്ക്ക് ഒരു കഥ സ്വീകരിക്കാം. 'വല്ലാർപാടത്തമ്മ' എന്ന കഥ നോക്കുക. ചരിത്രത്തിന്റെ ത്രിതലങ്ങൾ തിരിച്ചറി

യാൻ കഥാഭാവനയ്ക്കു കഴിയുന്നുണ്ട്. പോർത്തുഗീസുകാരുടെ കാലത്തെ സംഭവങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇന്നിന്റെ അനുഭവങ്ങൾ ഇതിൽനിന്ന് ഏറെ വ്യത്യസ്തമാണ്. നാളെയുടെ അനുഭവമോ തികച്ചും ഭാവനാത്മകവും. ഈ ത്രിതലങ്ങളിലൂടെയും കഥയ്ക്കൊപ്പം നമ്മൾ സഞ്ചരിക്കുന്നു. ത്രികാലങ്ങളിലും അവലംബമായി നിൽക്കുന്നത് വല്ലാർപാടത്തമ്മയാണ്. അത് ചരിത്രമാണ്, അനുഭവമാണ്, ഭാവനയാണ്. ഇവയെ കൂട്ടിയിണക്കാൻ നടത്തുന്ന ശ്രമങ്ങൾ ജീവിതത്തിന്റെ സമതുലനാവസ്ഥയെ നശിപ്പിച്ച് വിഭ്രാന്തികൾ ഉളവാക്കുന്നു. ചിലർ ലഹരിയിലും വേറെ ചിലർ ഭക്തിയിലും ഇനിയും ചിലർ ചരിത്രത്തിലും ഇതിന് ശമനം തേടുന്നു. വല്ലാർപാടത്തമ്മയിലെ ഓരോ കഥാപാത്രത്തെയും ഇത്തരത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. 'പെലയസ്ഥാനം' 'നിത്യാർത്തവാംബിക തുടങ്ങിയ കഥകളിലും പാരമ്പര്യത്തെ ഇത്തരത്തിൽ ഭാവിയുടെ വർത്തമാനങ്ങളാക്കി മാറ്റുന്ന ബഹുതലസമീപനം പ്രകടമാണ്. ഈ സമാഹാരത്തിലെ മറ്റു കഥകളും ഇത്തരത്തിൽ ജീവിതത്തെയും ചരിത്രത്തെയും ഭാവനയെയും നെയ്തൊരുക്കിയവയാണ്.

ഇത് ഒന്നാമതായി എടുത്തു പറയാൻ ഒരു പ്രത്യേക കാരണമുണ്ട്. ബിജു സി.പി.യുടെ കഥകളുടെ മൗലികതയാണ് ഇത്തരം ചരിത്രസമീപനം. ചരിത്രത്തെ ഭാവിഭാവനയാക്കുന്ന മാന്ത്രികത എന്നു വേണമെങ്കിൽ പറയാം. കഥാകഥനത്തിൽ മാന്ത്രികത ഏറെ മതിക്കപ്പെടുന്നതാണല്ലോ. ഇത്തരത്തിൽ മാന്ത്രികതയെ കഥാഖ്യാനത്തിൽ നിറച്ചതിന് ഗബ്രിയേൽ ഗാർസിയ മാർക്കേസിനോടും ആ ഗണത്തിൽ വരുന്ന മറ്റ് ലത്തീനമേരിക്കൻ കഥാകൃത്തുക്കളോടും നന്ദി പറയുക.

കഥനത്തിന്റെ വാസ്തുവിദ്യയിൽ ചരിത്രവിസ്മയം കലർത്തുന്നവരെ അടുത്ത കാലത്ത് കഥാരംഗത്ത് കൂടുതലായി കാണാറുണ്ട്. ഉദാഹരണത്തിന് ഡാൻബ്രൗണിന്റെ ഭാവന ഇത്തരത്തിൽ പ്രകാശിതമാകുന്നതാണ് 'ദ ലോസ്റ്റ് സിംബൽ' എന്ന കൃതി. 2020—ലെ സമകാലിക മലയാളം ഓണപ്പതിപ്പിൽ എൻ. ശശിധരൻ വിവർത്തനംചെയ്ത് പ്രസിദ്ധീകരിച്ച മുറാകാ

മിയുടെ വിചിത്രഗന്ഥാലയം ഒരു നല്ല ഉദാഹരണമാണ്. ഒരു വായനശാലയുടെ കഥ പറയുകയാണ് നോവലിസ്റ്റ്. പക്ഷേ, അത് അനുഭവപ്പെടുത്തുന്നത് ഹൊറർ നോവലിന്റെ ശൈലിയാണ്. ഹൊറർ എങ്ങനെ വിസ്മയകരമായി—ബ്രെയിൻ ക്ലീൻസിങ് ആയി—മാറുന്നു എന്ന് മസ്തിഷ്കത്തിനുള്ളിൽനിന്ന് കഥ പറഞ്ഞ് ഹരാകി മുറാകാമി അനുഭവിപ്പിക്കുന്നു. സ്ഥലത്തിലല്ല, ഭാവനയിലാണ്, അതും ചരിത്രഭാവനയിലാണ് കഥയുടെ ആഖ്യാനം.

ബിജുവിന്റെ 'പെലയസ്ഥാനം', 'പൂഴിക്രിക്കറ്റ്', 'നിത്യാർത്തവാംബിക' തുടങ്ങി പല കഥകളിലുമുണ്ട് നവീന ചരിത്രഭാവന. വംശീയതയും ചരിത്രവും തമ്മിലുള്ള ബന്ധം പലപ്പോഴും സാമൂഹികവിപ്ലവത്തിനുള്ള ഇന്ധനം എന്ന നിലയിൽ മാത്രമാണ് ഉപയോഗിക്കാറ്. കുറേക്കൂടി വിസ്മയഭാവത്തോടുകൂടി ചരിത്രാവശിഷ്ടങ്ങളെ സമീപിക്കാൻ കഥാകൃത്തിന്റെ ഭാവന എന്നെ നിർബ്ബന്ധിക്കുന്നു. വംശീയതയ്ക്ക് സാമൂഹികതയുടെയും ആത്മീയതയുടെയും തലങ്ങളുണ്ടെന്ന് പറയേണ്ടിവരുമ്പോൾ അതിന് സ്വത്വസംഘർഷങ്ങളുടെ തലങ്ങളോളം വ്യാപ്തിയുണ്ടാകുന്നു. നാരായണഗുരുവിന്റെ ചിന്താപദ്ധതികളാണല്ലോ ഇന്ന് വംശീയപഠനത്തിൽ ഏറെ ആദരം നേടുന്നത്. ഇത്തരമൊരു തലത്തിലേക്ക് ദളിത് സ്വത്വവികാരത്തെ നയിക്കാൻപോന്ന കഥയാണ് 'പെലയസ്ഥാനം'.

'കപ്പിത്താൾ' എന്ന കഥയ്ക്കുമുണ്ട് മാന്ത്രികചരിത്രബോധത്തിന്റെ അടയാളങ്ങൾ. സ്ത്രീവാദം ഉന്നയിക്കുന്ന ചരിത്രപ്രശ്നങ്ങളും അവകാശവാദങ്ങളും സ്വപ്നസന്നിഭമായ വർത്തമാനകാലാനുഭവമായി അവതരിപ്പിക്കുന്ന കഥയാണ് 'കപ്പിത്താൾ'. വർത്തമാനത്തെ, അടിച്ചമർത്തപ്പെട്ട കഴിഞ്ഞകാലത്തിന്റെ വിസ്ഫോടനമായി അവതരിപ്പിക്കുകയാണ് ഈ കഥ. ആ വിസ്ഫോടനം പുതുവാക്കുകളുടെ രൂപീകരണത്തോളം സൂക്ഷ്മമായ തലത്തിലേക്ക് എത്തുന്നു എന്നത് എടുത്തുപറയേണ്ടതുണ്ട്.

ചുരുക്കത്തിൽ ബഹുമുഖവും ബഹുഭാവസമൃദ്ധവും ആധുനിക ലോകകഥകളോട് തോളുരുമ്മിനിൽക്കുന്നതുമായ

കഥാനുഭവമാണ് ബിജുവിന്റെ രചനകൾ തരുന്നത്. എല്ലാ കഥകളിലും ഇങ്ങനെ തികച്ചും സ്വന്തമായ ഒരു അനുഭവലോകത്തെ ഉള്ളൊതുക്കാൻ കെല്പുള്ള ഭാഷാശൈലിയും കഥാകൃത്ത് കണ്ടെത്തുന്നു. ഓരോ കഥയും അതിന്റേതുമാത്രമായ ഭാഷാശൈലിയിലാണ് അവതരിപ്പിക്കുന്നത്. അത് കഥാകൃത്തിന്റെ ഭാഷാശൈലി എന്നതിനെക്കാൾ ആ കഥയുടെ ശൈലിയാണ് എന്നു കാണാം. മുഖ്യധാരാജീവിതത്തിൽ ക്ഷുദ്രമെന്നോ പഴഞ്ചൻ എന്നോ പരിഗണിക്കപ്പെടുന്ന ഭാഷാഭേദങ്ങളെ കരുത്തുറ്റ ആഖ്യാനതന്ത്രമായി ഉപയോഗിക്കുന്നത് ശ്രദ്ധേയമാണ്. തിരുമ്മിത്തിരുമ്മി തിളക്കമേറ്റിയതുപോലെ അതീവ സൂക്ഷ്മതയുള്ള ഭാഷ ബിജു ഉപയോഗിക്കുന്നു. പല കഥകളിലും അതിസാധാരണമായ നാടൻ ഭാഷ കടന്നുവരുന്നു. അവയ്ക്ക് പ്രത്യേക നിയോഗങ്ങളുണ്ട്. കഥാപാത്രങ്ങളുടെ സ്വത്വരൂപീകരണം ഇത്തരം ധർമ്മങ്ങളിൽ ഒന്നു മാത്രമാണ്. ഭാഷാചിന്തകളിൽ പറയുന്ന അനുകരണതലമാണ് ഇവിടെ ഉപയോഗിക്കുന്നത്. അതിനുമപ്പുറം കഥകളിലെ നാടൻഭാഷ ഒരു ചിഹ്നവ്യവസ്ഥയായി പരിണമിക്കുന്നുമുണ്ട്.

വായനക്കാരുടെ അനുഭവങ്ങളുമായി, ഉദാഹരണത്തിന് ഇന്ദ്രിയത, വൈകാരികത, നിർവ്വികാരത എന്നിവയുമായൊക്കെ പ്രതിപ്രവർത്തിക്കുമ്പോൾ നാടോടിഭാഷ കഥയുടെ ഉടലായി മാറുന്നു. അതിനപ്പുറം ഭാവനാത്മകഭാഷ അതീന്ദ്രിയതലങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്യുന്നു.

ഭൗതികതലത്തിലാണ് 'ചരക്ക്', ഒരു ഹോംനേഴ്സിന്റെ ആത്മകഥ തുടങ്ങിയ രചനകൾ ഇടംപിടിക്കുന്നത്. ഏതു തലത്തിലായാലും പ്രമേയസംവേദനത്തിലാണ് കഥാകൃത്ത് ശ്രദ്ധയൂന്നുന്നത്. ഇതാണ് നല്ല കഥയുടെ ശില്പസംവിധാന നിർണ്ണയം. മലയാളത്തിലെ ഏറ്റവും പുതിയ കഥകളുടെ പല സവിശേഷതകളും ഇവിടെ നമുക്കു കാണാം. അവ ഒന്നൊന്നായി എടുത്തെഴുതേണ്ടതില്ലല്ലോ. കഥയുടെ ഭൂപടത്തിൽ സമാന്തരമായിട്ടല്ല, പരസ്പരപൂരകമായിട്ടാണ് അവ പ്രവർത്തിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ, കഥയുടെ വിശാലമണ്ഡ

ലത്തിൽ തനതെന്ന് ഉറപ്പിച്ചുപറയാവുന്ന വിധത്തിൽ അടയാളപ്പെടുത്തുന്നവയാണ് ബിജുവിന്റെ കഥകൾ.

ഗഹനമായ കാര്യങ്ങൾ കളിചിരിമട്ടിലും പഴഞ്ചൊല്ലുകളുടെയും മറ്റും മാതൃകയിലും അവതരിപ്പിച്ച് സരസമായി കഥ പറയാൻ ബിജുവിന് കഴിയുന്നു. 'ഒരു ഹോം നേഴ്സിന്റെ ആത്മകഥ' എന്ന രചന മതിയാകും അതിന് ഉദാഹരണമായി. ആ കഥയിൽ ആഖ്യാതാവിന്റെ സ്ഥാനത്ത് പ്രത്യക്ഷപ്പെടുന്ന നായികയ്ക്ക് മാത്രമല്ല, ഓരോ കഥാപാത്രത്തിനുമുണ്ട് സവിശേഷ ഭാഷ. പലതരം പ്രയോഗമാതൃകകൾ കൊണ്ട് മെടഞ്ഞുണ്ടാക്കിയ ഭാഷാശില്പം കഥയെ അനന്യമാക്കുന്നു.

പ്രതിജനഭിന്നവിചിത്രം എന്ന് പറയാറില്ലേ! അതാണ് ബിജുവിന്റെ കഥകൾ. ഓരോ കഥയും ഓരോ രീതിയിലാണ്. ഓരോ ഭാഷയിലുമാണ്. അതിൽത്തന്നെ. പലമട്ടിലുള്ള നാടോടിഭാഷയുടെ കാന്തികാകർഷണശേഷി എടുത്തു പറയേണ്ടതുണ്ട്.

ഇന്ന് കേരളത്തിലെ മിക്ക കുടുംബങ്ങളിലും നിത്യാനുഭവമാണ് വൃദ്ധരുടെ ദൈന്യം. ഹോംനേഴ്സിന്റെ ആത്മകഥയിലെ പല തലങ്ങളിലൊന്നാണത്. നാട്ടുജീവിതാനുഭവങ്ങളുടെയും പ്രതികരണങ്ങളുടെയും സാമൂഹിക സാമ്പത്തിക അവസ്ഥകൾ തെളിച്ചുകാട്ടിക്കൊണ്ടായിരിക്കെത്തന്നെ അതിനെ മാനവികതയുടെ തലത്തിലാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്. ഹോംനേഴ്സ്ജോലിയിലേക്ക് ഒതുങ്ങി നിൽക്കാൻ ആഗ്രഹിക്കുന്ന നായികയെ ഒരു ഉടലായി മാത്രം തിരിച്ചറിയുന്നവരാണ് ചുറ്റുമുള്ളവരിലേറെയും. അതേ കാഴ്ചപ്പാട് ഉൾക്കൊണ്ട് തനിക്കൊപ്പമുള്ള സ്ത്രീകളെയും ഉടലായിക്കാണാനുള്ള ഒരു പ്രവണത ഇതേ നായികയുടെ ഉള്ളിൽ ഉണ്ടാകുന്നുണ്ട്. എന്നാൽ, അത് പ്രകടിപ്പിക്കാതിരിക്കാനുള്ള ആന്തരിക ബോധ്യം അവൾക്കുണ്ട്. സമകാലിക കേരളത്തിലെ അഭ്യുദയകാംക്ഷികളായ സ്ത്രീകളുടെ അനുഭവമണ്ഡലമാണിത്. കറവപ്പശുക്കളോ രസനീയ വിഭവങ്ങളോ ആയി സ്ത്രീകളെ കാണുന്ന രീതിയോടുള്ള ശക്തമായ പ്രതികരണങ്ങൾ പ്രതിപാദിക്കുന്ന ധാരാളം കഥകൾ മലയാളത്തിലുണ്ട്. അവയിൽ നിന്നൊക്കെ വേറിട്ട ഒരു ലാളിത്യവും ഭംഗിയും നർമ്മവും ഉൾബലവും ബിജുവിന്റെ കഥയ്ക്കുണ്ട്.

കഥയാണിത് എന്ന കാര്യം കൂടക്കൂടെ ഓർമ്മിപ്പിക്കുന്ന ഒരു ആഖ്യാനരീതി പുതിയ കഥാകഥനത്തിൽ ഉള്ളതാണ്. കഥാകഥനം എന്ന് എഴുതുമ്പോൾത്തന്നെ അതിലേക്ക് കഥ നുഴഞ്ഞുകയറുന്നുണ്ടല്ലോ. അക്കഥയ്ക്കുപോലും കഥാകഥനത്തിന്റെ വീണ്ടുവിചാരമുണ്ട്. 'ബെണ്ടനും പോച്ചയും' എന്ന കഥ നല്ല ഉദാഹരണമാണ്. കഥയാണെന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട് കഥയിൽ. വായിക്കുമ്പോളാകട്ടെ, ഇത് നമ്മളോരോരുത്തരുടെയും ജീവിതാഖ്യാനമോ അനുഭവമോ ആണെന്നു തിരിച്ചറിയുന്നു.

പരമ്പരാഗത സാഹിത്യാഭിരുചികളെയും കാഴ്ചശീലങ്ങളെയും വെല്ലുവിളിക്കുന്നവയാണ് ഈ കഥകൾ. ലളിതവും സൗമ്യവുമായ മട്ടിലാണ് ദൃഢമായ ആ വെല്ലുവിളി. ഭാഷയിലും ഭാവുകത്വത്തിലുമുള്ള ഈ തകർപ്പൻ വിപ്ലവം പശ്ചാത്തലത്തിലുള്ള മാനവികതാബോധത്തിന്റെ ഉറവക്കണ്ണുകൾ തുറക്കുന്നു. സുപരിചിതാനുഭവങ്ങളുടെ ശകലങ്ങളാണ് മാനവികതയുടെ ആ ഉറവക്കണ്ണുകളിലൂടെ പൊടിക്കുന്നത്. ഭാഷയുടെ പ്രയോഗത്തിലും ഭാവനയുടെ വിനിയോഗത്തിലും ഇത് പ്രത്യക്ഷമാണ്. ഭാഷകൊണ്ട് ഭാവനയും അനുഭവവും രേഖപ്പെടുത്തുകയാണ് ഈ കഥകൾ.